കെ.എസ്.എ.കെ.ടി.എം പി13/1507/2016 തീയതി: 17.10.16

# കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15,2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.7.15 മുതൽ 18-9-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 3 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വർഗ്ഗീസ് ജോസഫ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 19-9-2016 മുതൽ 30-9-2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.പ്രസാദ്.പി.ജി. | ഓഡിറ്റ് ഓഫീസർ . |
| | | ശ്രീമതി.സുധാ ജേക്കബ്.<br>ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ |
| | | ശ്രീ.ജോർജ്കുട്ടി ജോസഫ്. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ ബി.ജയചന്ദ്രൻ | 1-4-14 മുതൽ 31-10-15 വരെ |
| | ശ്രീമതി അന്നമ്മ ജോസഫ് | 1-11-15 മുതൽ 31-3-16 വരെ. |
| സെക്രട്ടറി | ശ്രീ.കെ.എസ്.ബാബു | 1-4-14 മുതൽ31-3-16വരെ |

മറ്റു നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസി. എക്സി.എൻജിനീയർ. | ശ്രീ.സി.ആർ.രാമചന്ദ്രൻ<br>ശ്രീ.പി.സി.ചാക്കോ<br>ശ്രീ.മുരളി.ആർ.<br>ശ്രീ.അരുൺ.ജെ.രഞ്ജ്<br>ശ്രീ.അശോകൻ.റ്റി.എം | 1-4-14മുതൽ30-6-14വരെ<br>1-7-14 മുതൽ 30-11-14 വരെ<br>1-12-14 മുതൽ 6-4-15 വരെ(അഡീഷണൽ ചാർജ്)<br>7-4-15മുതൽ 11-9-15 വരെ<br>12-9-15മുതൽ 31-3-16 വരെ. |
| മെഡി.ഓഫീസർ,സി.എച്ച്.സി,എരുമേലി. | ഡോ.സ്മിതാമോൾ.എം.എസ് | 1-4-14 മുതൽ 31-7-14 വരെ |

| | | |
|---|---|---|
| | ഡോ.അനോജ്.എസ്. | 1-8-14 മുതൽ 31-3-16വരെ |
| മെഡി.ഓഫീസർ,സി.എച്ച്.സി,മുണ്ടക്കയം | ഡോ.നിർമ്മല ആന്റണി. | 1-4-14 മുതൽ 31-3-16 വരെ. |
| മെഡി.ഓഫീസർ,സി.എച്ച്.സി,കൂട്ടിക്കൽ | ഡോ.കെ.സി.ചെറിയാൻ. | 1-4-14 മുതൽ 31-3-16 വരെ. |
| ശിശു വികസനപദ്ധതി ഓഫീസർ | ശ്രീമതി രേണുക.ഐ.<br>ശ്രീമതി.അജിത.കെ.എസ്.<br>ശ്രീമതി.പ്രിയദർശിനി.ബി<br>ശ്രീമതി.മിനിമോൾ.എം.എസ്<br>(ICDS സൂപ്പർവൈസർ-ചാർജ്)<br>ശ്രീമതി.ലിയ മാക്കിൽ<br>ശ്രീമതി അജിത.കെ.എസ്.<br>ശ്രീമതി.ബിസ്സിനി.സി.എസ്.<br>ശ്രീമതി രമണി റോസ്.<br>ശ്രീമതി.ബിസ്സിനി.എസ്. | 1-4-14 മുതൽ 18-7-14വരെ.<br>19-7-14 മുതൽ 30-7-14 എഫ്.എൻ വരെ.<br>30-7-14എ.എൻ മുതൽ 7-1-15 വരെ<br>7-1-15 a.n മുതൽ 19-2-15 വരെ.<br>20-2-15 മുതൽ 30-5-15 വരെ.<br>30-5-15 a.n മുതൽ 21-7-15 വരെ<br>22-7-15 മുതൽ 11-11-15 വരെ.<br>12-11-15 മുതൽ 13-12-15 വരെ.<br>14-12-15 മുതൽ 31-3-16 വരെ. |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അജിമോൻ.റ്റി.എസ് | 1.4.14 മുതൽ 31.3.16 വരെ. |
| പട്ടികവർഗ വികസന ഓഫീസർ | ശ്രീ.വിജുകുമാർ.വി. | 1.4.14 മുതൽ 31.3.16 വരെ. |

ഉള്ളടക്കം


| വിഷയം | ഖണ്ഡിക നമ്പർ |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| ബജറ്റ് | 1-1 |
| വാർഷിക ധനകാര്യപത്രിക | 1-2 |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| സാമ്പത്തിക വിശകലനം | 1-4 |
| ഫണ്ട് വിനിയോഗം | 1-5 |
| പദ്ധതി അവലോകനം | 1-6 |
| തനത് വരുമാനം | 1-7 |
| ക്ഷേമ പദ്ധതികൾ | 1-8 |
| ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| ആഭ്യന്തരനിയന്ത്രണം | 1-10 |
| മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2-വരവുകണക്കുകൾ | |
| വാർഷികകണക്കുകളുടെ അവലോകനം | 2-1 |
| വാടക- മുറികൾക്ക് വാർഷിക വാടകവർധന നടപ്പാക്കുന്നില്ല. | 2-2 |
| ഭാഗം 3- ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| ഗുണഭോക്തൃസമിതി കണക്കുകളെക്കാൾ അധികം തുക കൺവീനർക്ക് നൽകി. | 3-1 |
| കെട്ടിട നിർമാണങ്ങൾ ലക്ഷ്യം സാക്ഷാത്കരിക്കുന്നില്ല- നിഷ്ക്രിയാസ്തികൾ വർധിപ്പിക്കുന്നു. | 3-2 |
| പുത്തൻചന്ത വനിതാതൊഴിൽ പരിശീലനകേന്ദ്രം- പദ്ധതി തുകയുടെ പാഴ്ച്ചെലവ് | 3-3 |
| വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങൾക്കായി വാങ്ങിയ ഫർണിച്ചർ ബ്ലോക്കിൽ ഉപയോഗിക്കുന്നത് | 3-4 |
| ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രോജക്ട് നടപ്പാക്കി | 3-5 |
| ഇന്ദിര ആവാസ് യോജന | 3-6 |
| അയ്യപ്പഭക്തർക്ക് ഇടത്താവളം – ഉപയോഗയോഗ്യമല്ല | 3-7 |

| | |
|---|---|
| വിനിയോഗ/ പൂർത്തീകരണ വിശദാംശങ്ങൾ ഇല്ല . ചെലവ് തടസ്സപ്പെടുത്തുന്നു. | 3-8 |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| ഓഡിറ്റ് റിക്കവറി | 4-6 |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| ഓഡിറ്റ് സാക്ഷ്യപത്രം 2015-16 | അനുബന്ധം 1 |
| ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം 2 |
| ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2015-16 | അനുബന്ധം 3 |
| റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 | അനുബന്ധം 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 21-2-2014 തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | തുക |
|---|---|
| വരവ് | 303030300 |
| ചെലവ് | 302825300 |
| നീക്കിയിരിപ്പ് | 205000 |

2015-16 വർഷത്തെ ബജറ്റ് 26-3-15 ലെ ഒന്നാം നം.തീരുമാനപ്രകാരം അംഗീകരിച്ചു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വരവ് | 313131300 |
| ചെലവ് | 312948300 |
| നീക്കിയിരിപ്പ് | 183000 |

വാർഷികപദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബജറ്റുകൾക്ക് ഭേദഗതികൾ വരുത്തുകയുണ്ടായില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

2014-15

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2015 | 9-7-2015 | - | - |

2015-16

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി. |
|---|---|---|---|
| 31-07-2016 | | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 15/10/15 | കെ.എസ്.എ.കെ.ടി.എം.പി14/ബി.പി.4 /2015/31.12.15 |
| 2015-16 | 26/9/2016 | |

## 1-4 സാമ്പത്തിക വിശകലനം

2014-15

| | |
|---|---|
| മുന്നിരിപ്പ് | 49472774 |
| വരവ് | 174211166 |
| ആകെ | 223683940 |
| ചെലവ് | 199495599 |
| നീക്കിയിരിപ്പ് | 24188341 |

2015-16

| | |
|---|---|
| മുന്നിരിപ്പ് | 24188341 |
| വരവ് | 211217989 |
| ആകെ | 235406330 |
| ചെലവ് | 182941571 |
| നീക്കിയിരിപ്പ് | 52464759 |

## 1-5 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 13194256 | 35772000 | 48966256 | 44526416 | 4439840 | 90.93 |
| വികസനഫണ്ട് എസ്.സി.പി. | 2534828 | 15481000 | 18015828 | 16645845 | 1369983 | 92.39 |
| വികസനഫണ്ട് ടി.എസ്.പി. | 549441 | 5810000 | 6359441 | 6061264 | 298177 | 95.31 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3174961 | 4736000 | 7910961 | 6211795 | 1699166 | 78.52 |
| എം.എൻ.ആർ.ഇ. ജി.എസ്. | - | 983790 | 983790 | 983790 | - | 100 |
| ബി.ഫണ്ട് | - | 582813 | 582813 | 582813 | - | 100 |

* - ബ്ലോക്ക് വിഹിതം , ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയുടെ നീക്കിയിരിപ്പ് ഉൾപ്പെടുന്ന തുകയാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് |
|---|---|---|---|---|---|---|

| | | വരവ് | | | | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4439840 | 35772000 | 40211840 | 40211840 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി | 1369983 | 15481000 | 16850983 | 16850983 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 298177 | 5810000 | 6108177 | 6108177 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1699166 | 978053 | 2677219 | 2677219 | 0 | 100 |
| എം.എൻ.ആർ.ഇ. ജി.എസ്. | 0 | 144906 | 144906 | 142576 | 2330 | 98.39 |
| ബി.ഫണ്ട് | 0 | 100000 | 100000 | 100000 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷികപദ്ധതി രൂപീകരണം , അംഗീകാരം,പദ്ധതിനടത്തിപ്പ്,എന്നിവസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 97 | 192332614 | 80 | 73705591 | 7 | 10 | 82 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 980/2014/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം.തീ:22.5.15 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ സ്പിൽഓവർ ഉൾപ്പെടെ 81 പ്രോജക്ടുകളും പട്ടികജാതിവിഭാഗത്തിലെ 9പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ 7 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 97 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 87 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 30-1-14തീയതി യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു.7-2-2014 ൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ കൂടുകയുണ്ടായി. 17.02.14 ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച ചെയ്തു. 29-4-14 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

നേട്ടങ്ങൾ

പാലിയേറ്റീവ്പരിചരണപദ്ധതി,എരുമേലി,മുണ്ടക്കയം,കൂട്ടിക്കൽ എന്നിവിടങ്ങളിലെ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ പുനരുദ്ധാരണം,വിവിധ വനിതാതൊഴിൽ പരിശീലനകേന്ദ്രങ്ങളുടെ പൂർത്തീകരണം ,എസ്.സി,എസ്.റ്റി വിഭാഗങ്ങളുടേതുൾപ്പെടെയുള്ള ഐ.എ.വൈ ഭവനപദ്ധതികൾ തുടങ്ങിയ പ്രോജക്ടുകൾ സേവനമേഖലയിൽ നടപ്പാക്കുകയുണ്ടായി.

പശ്ചാത്തലമേഖലയിൽ അനവധി റോഡുകളുടെ ടാറിംഗ്,റീടാറിംഗ്,കോൺക്രീറ്റിംഗ്,സംയുക്തപ്രോജക്ടുകൾക്കായി മറ്റു തദ്ദേശസ്ഥാപനങ്ങൾക്ക് വിഹിതം നല്കൽ,വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പ്രോജക്ടുകളാണ് നടപ്പിലാക്കിയത്.

ബ്ലോക്ക്പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ടി പ്രോജക്ടുകൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്.

കോട്ടങ്ങൾ

ഉദ്പാദനമേഖലയിൽ പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കുകയുണ്ടായില്ല എന്നതാണ് പ്രോജക്ട് നടത്തിപ്പിലെ ഏറ്റവും വലിയ പോരായ്മ.കൃഷി അസി.ഡയറക്ടർ,ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ,സീനിയർ വെറ്ററിനറി സർജൻ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതിനടത്തിപ്പിൽ പ്രയോജനപ്പെടുത്തുകയുണ്ടായില്ല.ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ അനിവാര്യ ചുമതലകളിൽപ്പെട്ട കുടിവെള്ളപ്രോജക്ടുകൾ,സാംസ്കാരികനിലയങ്ങൾ എന്നിങ്ങനെയുള്ളവയാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തവയിലെ പല പ്രോജക്ടുകളും. അടങ്കൽ തുക 5ലക്ഷത്തിലും കുറവായ പ്രോജക്ടുകൾ പോലും ഏറ്റെടുത്തതിലൂടെ സർക്കാർ നിർദ്ദേശങ്ങളിലെ സാമ്പത്തിക പരിധിയും പാലിക്കുകയുണ്ടായില്ല.

2015-16

2015-16 ലെ വാർഷികപദ്ധതി രൂപീകരണം,അംഗീകാരം പദ്ധതിനിർവഹണം എന്നിവസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 99 | 175448066 | 75 | 65848219 | 1 | 23 | 75 |

കോട്ടയം ജില്ലാ ആസൂത്രണ സമിതിയുടെ ഉത്തരവ് നം. 490/15/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം.തീ:22.5.15 നടപടിക്രമങ്ങൾ പ്രകാരം അംഗീകരിച്ച്, പൊതുവിഭാഗത്തിൽ സ്പിൽഓവർ ഉൾപ്പെടെ 73പ്രോജക്ടുകളും പട്ടികജാതിവിഭാഗത്തിലെ 19പ്രോജക്ടുകളും പട്ടികവർഗ്ഗവിഭാഗത്തിലെ7 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 99 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ, 75 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കുകയുണ്ടായി.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ 5-12-14തീയതി യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു.15-12-14 ൽ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർമാരുടെ യോഗം ചേർന്നു.22-12-14 ൽ പദ്ധതിരൂപീകരണഗ്രാമസഭകൾ കൂടുകയുണ്ടായി.3.02.15ൽ വികസന സെമിനാർ കൂടി കരട് വാർഷിക പദ്ധതി ചർച്ച ചെയ്തു.ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12-5-15 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം വാർഷിക പദ്ധതിയ്ക്ക് ഭരണാനുമതി നല്കി.

നേട്ടങ്ങൾ

ഉല്പാദനമേഖലയിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ തുമ്പമട ചെക്ക്ഡാം നിർമാണം,മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ കാർഷികവിപണനകേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യവികസനത്തിന് ബ്ലോക്ക് വിഹിതം നല്കൽ എന്നീ പ്രോജക്ടുകൾ നടപ്പാക്കി.

സേവനമേഖലയിൽ എസ്.സി,എസ്.റ്റി,ജനറൽ വിഭാഗങ്ങളിലായി ഐ.എ.വൈ ഭവനനിർമാണം,പാലിയേറ്റീവ് പരിചരണം ,വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ,കമ്പ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കൽ,കൂട്ടിക്കൽ,എരുമേലി,മുണ്ടക്കയം എന്നീ സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളുടെ വികസനം തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി.

വിവിധ റോഡുകളുടെ ടാറിംഗ്,കോൺക്രീറ്റിംഗ് ,വനിതാതൊഴിൽപരിശീലനകേന്ദ്രങ്ങൾ,സാംസ്കാരികകേന്ദ്രങ്ങൾ എന്നിവയുടെ നിർമാണ പൂർത്തീകരണ പ്രവൃത്തികൾ തുടങ്ങിയവയാണ് പശ്ചാത്തലമേഖലയിൽ ഏറ്റെടുത്ത പ്രധാന പ്രോജക്ടുകൾ.

കോട്ടങ്ങൾ

മേഖലാപരമായി ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട പ്രവൃത്തികളാണ് മുഖ്യമായും നടപ്പിലാക്കിയത്.ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമാണം,പുനരുദ്ധാരണം എന്നിവ ഏറ്റെടുക്കുന്നതിന് പകരം ഒരേ ഗ്രാമപഞ്ചായത്ത് പ്രദേശത്തുൾപ്പെട്ടവയാണ് ഏറ്റെടുത്ത മുഴുവൻ റോഡ്പ്രോജക്ടുകളും.ബൃഹദ് പ്രോജക്ടുകൾക്ക് പകരം കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളാണ് നടപ്പാക്കിയവയിൽ പലതും.

പല നിർവഹണ ഉദ്യോഗസ്ഥരുടെയും സേവനം പദ്ധതി നടത്തിപ്പിൽ പ്രയോജനപ്പെടുത്തിയില്ല എന്നത് 2015-16ലും ആവർത്തിച്ചു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2014-15 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | (+)/(-) |
| നികുതി വരവുകൾ | - | - | - | |
| നികുതിയേതര വരവുകൾ | 64618 | 78785 | 14167 | |
| മറ്റുവരവുകൾ | 3500092 | 2522804 | 977288 | |
| ആകെ | 3564710 | 2601589 | 991455 | |

2015-16

| | | | |
|---|---|---|---|
| നികുതി വരവുകൾ | - | - | - |
| നികുതിയേതര വരവുകൾ | 78785 | 193306 | 114521 |
| മറ്റുവരവുകൾ | 2522804 | 1570566 | 952238 |
| ആകെ | 2601589 | 1763872 | 837717 |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന26-9-2016,3 p.m ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ഇനത്തിൽ വരവുകളില്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട് .എന്നാൽ ചില വീഴ്ചകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്കിൽ കൃത്യമായ വിവരങ്ങൾ പലപ്പോഴും രേഖപ്പെടുത്തുന്നില്ല.വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ യാത്രാവിവരം സാക്ഷ്യപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നില്ല.വാഹനത്തിന്റെ മൈലേജ് കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നുവെന്നും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ ചേർക്കുന്നുവെന്നും ഉറപ്പാക്കിയിട്ടില്ല.

കമ്പ്യൂട്ടറുകൾ അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സൂക്ഷിപ്പ്,സ്റ്റോക്ക് രജിസ്റ്റർ എന്നിവ സംബന്ധിച്ച് കൃത്യമായ മാർഗനിർദേശമുണ്ടെങ്കിലും പാലിച്ചിട്ടില്ല.വാങ്ങുന്ന ഇനങ്ങളെല്ലാം ചേർത്ത് കൃത്യമായവിശദാംശങ്ങൾ ചേർക്കാതെയാണ് സ്റ്റോക്ക് രജിസ്റ്റർ വച്ചിട്ടുള്ളത്.

ബ്ലോക്ക് വിഹിതം ഇനത്തിൽ തുക അടങ്കലിലുൾപ്പെടുത്തിയിട്ടില്ലാത്ത പ്രോജക്ടുകൾക്ക് ബ്ലോക്കിൽനിന്ന് തുക നല്കുകയും ഗ്രാമപഞ്ചായത്തുകൾ തുകതിരികെ നല്കുകയും ചെയ്തത് പ്രോജക്ട് നിർവഹണം സംബന്ധിച്ച സർക്കാർ മാർഗനിർദേശങ്ങൾ ബ്ലോക്ക് പഞ്ചായത്ത് കൃത്യമായി പാലിച്ചില്ല എന്നതിന്റെ ദൃഷ്ടാന്തമാണ്.

വൗച്ചറുകൾക്കൊപ്പം ലഭ്യമാക്കിയിട്ടുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള കാഷ് ബില്ലുകൾ സ്ഥാപനത്തിന്റെ ടാക്സ് രജിസ്ട്രേഷൻ നമ്പരുൾപ്പെടെയുള്ള ആധികാരികവിവരങ്ങളില്ലാത്ത കടലാസുകഷണങ്ങളാണ്.ആധികാരിക രേഖകൾ ലഭ്യമാക്കി നികുതി വെട്ടിപ്പുകൾ തടയുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2016 | 2014-15 | 226/DPAW/KTM/2016 /4.6.16 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 1-7-13 മുതൽ30-11-15 വരെ | OAHQ/111/12-263/15-16 /562/7.1.16 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷികകണക്കുകളുടെ അവലോകനം

2014-15 വർഷത്തെ കണക്കുകൾ പരിശോധിച്ച് വാടക രജിസ്റ്റർ തയാറാക്കിയിട്ടില്ല,ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല എന്നീ ക്വാളിഫിക്കേഷനുകളുള്ള സർട്ടിഫിക്കറ്റാണ് നല്കിയിരുന്നത്. എന്നാൽ വാടകരജിസ്റ്റർ നിലവിൽ കൃത്യമായി തയാറാക്കിയിട്ടുണ്ട്.2015-16 വാർഷികകണക്കുകളിലും സ്ഥാപനത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല എന്നതിനാൽ ടി വിശേഷണം ഇപ്പോഴും നിലനില്ക്കുന്നു.

### 2-2 വാടക- മുറികൾക്ക് വാർഷിക വാടകവർദ്ധന നടപ്പാക്കുന്നില്ല.

ബ്ലോക്ക്പഞ്ചായത്തിന്റെ അധീനതയിലുള്ള ചോറ്റി വനിതാ പരിശീലനകേന്ദ്രത്തിന്റെ മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്.എന്നാൽ വാടകക്കാരിൽ നിന്നും മുറികൾക്ക് വാർഷിക വാടകവർദ്ധന നടപ്പാക്കുന്നില്ല.ഉദാഹരണമായി മുറിനമ്പർ 4 ശ്രീമതി സെലിൻ തോമസ്,കപ്പലുമാക്കൽ,ചോറ്റി എന്നയാൾക്ക് 4.8.2016മുതൽ പുതുക്കിനൽകിയപ്പോൾ പഴയപ്രതിമാസനിരക്കായ 2250/-രൂപായിലാണ് കരാർ ചമച്ചത്.വാടകക്കാർക്ക് കരാർ പുതുക്കിനൽകുമ്പോൾ വാർഷിക വാടകവർദ്ധന നടപ്പാക്കി മുറികൾ വാടകയ്ക്ക് നൽകേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണ.സമിതി കണക്കുകളെക്കാൾ അധികം തുക കൺവീനർക്ക് നൽകി.

2015-16 വർഷം അസി.എക്സി. എൻജിനീയർ നിർവ്വഹണം നടത്തിയ ആലംപരപ്പ് - ബ്ലോക്ക് കുടിവെള്ളപദ്ധതിയുടെ ഗുണ.സമിതി കണക്കുകൾ പ്രകാരം ചെലവ്തുകയായി കണക്കാക്കിയിരിക്കുന്നത് 286250/-രൂപയാണ്.എന്നാൽഅളവുപുസ്തക പ്രകാരം (763/AEE/KPLY/2015-16) വേലമൂല്യം 292922/- കണക്കാക്കി ആയതിന് ആനുപാതികമായി നികുതി തുകകളും കണക്കാക്കി അടങ്കൽ തുകയിൽ നിജപ്പെടുത്തി ചെലവഴിച്ചിരിക്കുന്നു.(ബിൽ നമ്പർ52/15-16,തീയതി31-3-2016,310000/-രൂപ)സംസ്ഥാന ആസൂത്രണബോർഡ് 1999ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗ രേഖയിൽ എഞ്ചിനീയർമാർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ,ഗുണ.സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്..ആയതിൻ പ്രകാരം നൽകാവുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | ചെലവഴിച്ച തുക | അനുവദനീയമായത് |
|---|---|---|
| ആകെ വേലമൂല്യം | 292453 | 286250 |
| വാറ്റ് | 14623 | 14313 |
| ക്ഷേനിധി വിഹിതം | 2924 | 2863 |
| ആകെ | 310000 | 303426 |

ഗുണ.സമിതിയുടെ കണക്കുകളെക്കാൾ അധികരിച്ച് 6574/ രൂപ ചെലവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ.1ആയി അന്വേഷണക്കുറിപ്പുകൾ നൽകിയതിന് പദ്ധതി സംബന്ധിച്ച ഒരു വൗച്ചർ ഫയലിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും,ആയത് ഹാജരാക്കാൻ ഗുണ.സമിതി കൺവീനർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുംമറുപടി ലഭ്യമാക്കിയെങ്കിലും വൗച്ചർ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി ചെലവ് തടസ്സപ്പെടുത്തുന്നു. വൗച്ചർ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 കെട്ടിട നിർമ്മാണങ്ങൾ ലക്ഷ്യം സാക്ഷാത്കരിക്കുന്നില്ല, നിഷ്ക്രിയാസ്തികൾ വർദ്ധിക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഫണ്ടുകളുപയോഗിച്ച് വിവിധപഞ്ചായത്തുകളിൽ നിരവധി കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്.ഭൂരിഭാഗം കെട്ടിടങ്ങളുടെയും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും,വയറിംഗ്,പ്ലംബിംഗ് തുടങ്ങിയ അനുബന്ധ വേലകൾ നടത്തിയിട്ടില്ല.മാത്രമല്ല നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾ ലക്ഷ്യങ്ങൾക്കനുസൃത മായി ഉപയോഗിക്കുന്നുമില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ചെലവ് തുക 2014-15 | ചെലവ് തുക 2015-16 | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | എരുമേലി.ഗ്രാ.പ.ശ്രീനിപുരം വനിതാ തൊഴിൽ പരിശീലന കേന്ദ്രം | -- | 248913/- | അങ്കണവാടി പ്രവർത്തിക്കുന്നു. |
| 2 | മുണ്ടക്കയംഗ്രാ.പ. വണ്ടൻപതാൽ സാംസ്കൃിക നിലയം പൂർത്തീകരണം | -- | 180265/- | നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 3 | വനിതാ തൊഴിൽ പരിശീലനകേന്ദ്രം (ബ്ലോക്ക് ഓഫീസ് വളപ്പ് ) | 2165369/- | 1302787/- | നിർമ്മാണം പൂർത്തീകരിച്ചില്ല. |
| 4 | കോരുത്തോട് ഗ്രാ.പ. അയ്യപ്പ ഭക്തൻമാർക്ക് ഇടത്താവളം | 722921/- | 381725/- | വയറിംഗ്,പ്ലംബിംഗ് പ്രവൃത്തികൾ നടന്നിട്ടില്ല.പരിസരം കാട്പിടിച്ച് ഉപയോഗമില്ലാതെ കിടക്കുന്നു. |
| 5 | എരുമേലിഗ്രാ.പ. ഒഴക്കനാട് സാംസ്കാരിക നിലയം പൂർത്തീകരണം | 1180948/- | 88624/- | ഉപയാഗിക്കുന്നില്ല |
| 6 | മുണ്ടക്കയംഗ്രാ.പ പശ്ചിമ വനിതാ സമ്മേളനഹാൾ | 394540/- | 99934/- | അങ്കണവാടി പ്രവർത്തിക്കുന്നു. |
| 7 | പാറത്തോട് ഗ്രാ.പ വനിതാ സമ്മേളനഹാൾ പൂർത്തീകരണം | 754027/- | 218170/- | ഉപയാഗിക്കുന്നില്ല |
| 8 | മുണ്ടക്കയംഗ്രാ.പ.പുത്തൻ ചന്ത വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 149270/- | -- | കെ,എസ്,ആർ.ടി.സിക്ക് കൈമാറി. |
| 9 | കാഞ്ഞിരപ്പള്ളി ഗ്രാ,പ,വനിതാ തൊഴിൽ പരിശീലനകേന്ദ്രം | 455894/- | -- | നിർമ്മാണം പൂർത്തീകരിച്ചില്ല. |

പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾ നിർമ്മാണോദ്ദേശത്തിനനുസരിച്ച് ഉപയോഗിക്കേണ്ടതും,പൂർത്തീകരിക്കാനുള്ള കെട്ടിടങ്ങൾ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനും അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പുത്തൻചന്ത വനിതാതൊഴിൽ പരിശീലനകേന്ദ്രം-പദ്ധതിതുകയുടെ പാഴ്ച്ചെലവ്.

വികസനഫണ്ടിൽ നിന്ന് 5ലക്ഷം രൂപ അടങ്കൽ വച്ച് 63/2015 നംമ്പർ പ്രോജക്റ്റായി മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് വനിതാതൊഴിൽ പരിശീലനകേന്ദ്രം നിർമിച്ചത്.

ശ്രീമതി അന്നമ്മ വർഗീസ് ,തുണ്ടത്തിൽ,മുണ്ടക്കയം എന്നയാൾ കൺവീനറായ ഗുണഭോക്തൃസമിതി മുഖാന്തിരം 140820.78 രൂപ മൂല്യമുള്ള 2 ഷട്ടർ ഘടിപ്പിച്ച കെട്ടിടം നിർമിച്ചതായി എം.ബുക്ക് നം.652/2014-15 ലെ രേഖപ്പെടുത്തലുകൾ വ്യക്തമാക്കുന്നു.നികുതികളുൾപ്പെടെ 149270/രൂപ 31.3.15 ലെ 71/14-15 നം.ബിൽ പ്രകാരം ട്രഷറിയിൽ നിന്ന് മാറി.

എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുതസ്ഥലം 2015-16 ൽ ബസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി K.S.R.T.C ക്ക് വിട്ടുനല്കുകയുണ്ടായി.ഓഡിറ്റ് ടീം 27-9-16 ൽ നടത്തിയ പ്രാദേശികപരിശോധനയിൽ ബ്ലോക്ക്പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമിച്ച കെട്ടിടം K.S.R.T.C യുടെ ആവശ്യത്തിനുതകുംവിധം രൂപമാറ്റവും കൂട്ടിച്ചേർക്കലുകളും നടത്തിയിട്ടുള്ളതായി കാണപ്പെട്ടു.പ്രോജക്റ്റ് ലക്ഷ്യമായ വനിതാതൊഴിൽ പരിശീലനകേന്ദ്രം നടപ്പായില്ലെന്ന്

മാത്രമല്ല പ്രസ്തുത ആവശ്യത്തിനായി നിർമിച്ച കെട്ടിടം പോലും ഇല്ലാതായി.

ശരിയായ പഠനവും വിലയിരുത്തലുമില്ലാതെ ഏതെങ്കിലും വിധത്തിൽ ചെലവ് ശതമാനം വർധിപ്പിക്കുന്നതിനായി യാഥാർഥ്യബോധമില്ലാതെ പ്രോജക്റ്റുകൾ തയാറാക്കി നടപ്പിലാക്കുന്നതാണ് ഇപ്രകാരം പൊതുപണത്തിന്റെ ദുർവ്യയത്തിന് കാരണം.

പ്രോജക്റ്റുകൾ തയാറാക്കുന്നതും നടപ്പാക്കുന്നതും കൃത്യമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാവേണ്ടതാണ്.

## 3-4 വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങൾക്കായി വാങ്ങിയ ഫർണിച്ചർ ബ്ലോക്കിൽ ഉപയോഗിക്കുന്നത്.

| | |
|---|---|
| പ്രോജക്റ്റ് നം. 083/15-16 | |
| അടങ്കൽ-മെയിന്റനൻസ്(റോഡിതരം)- 200000 | ചെലവ്-197300- |

2015-16 വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേനനടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 2 സ്റ്റീൽ അലമാര, 20 ഓഫീസ് കസേര, 200 പ്ലാസ്റ്റിക്ക് കസേര എന്നിവ M/S Antry comsystem, റാന്നി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഇതിൽ 20 ഓഫീസ് കസേരകളും 100 പ്ലാസ്റ്റിക്ക് കസേരകളും ഓഡിറ്റ് തീയതി വരെ വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( 03/27-9-16) 20 കസേരകൾ പ്രസിഡന്റ്, സെക്രട്ടറിഎന്നിവരുടെ മുറികളിലും, 100 കസേരകൾ ബ്ലോക്ക് പഞ്ചായത്ത് ആഡിറ്റോറിയത്തിലും ഉപയോഗിക്കുന്നതായി മറുപടി നല്കി.വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങൾക്ക് വേണ്ടി ഫർണിച്ചർ വിതരണം ചെയ്യുന്നതിനായി പദ്ധതി ആവിഷ്കരിച്ച ശേഷം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിഎന്നിവരുടെ മുറികളിലും, പഞ്ചായത്ത് ആഡിറ്റോറിയത്തിലും ഉപയോഗിക്കുന്നതിലൂടെ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കുന്നില്ല എന്ന് മാത്രമല്ല പദ്ധതിപ്പണം വകമാറ്റി ചെലവഴിക്കുന്നതിന് തുല്യവുമാണ്.

അംഗീകാരം ലഭിച്ച പ്രോജക്റ്റിനായുള്ള ചെലവുകൾ പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് പ്രൊജക്റ്റ് നടപ്പാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാംവകുപ്പിന് കീഴിലുള്ള 4-ാം പട്ടികയിൽ നിന്നും വ്യതിചലിച്ച് ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാപരിധിയിൽ പെടാത്ത പദ്ധതികൾ 2015-16 വർഷം നടപ്പാക്കിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കാഞ്ഞിരപ്പള്ളി വണ്ടാനമല കുളം നവീകരണം | 499453/- | കുടിവെള്ളപദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. |
| 2 | കാഞ്ഞിരപ്പള്ളി കുറവാമുഴി കുടിവെള്ള പദ്ധതി പൂർത്തീകരണം | 200000/- | " " |
| 3 | മുണ്ടക്കയം,വണ്ടൻപതാൽ സാംസ്കാരിക നിലയം പൂർത്തീകരണം | 180265/- | സാംസ്കാരിക നിലയം ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. |
| 4 | കാഞ്ഞിരപ്പള്ളി പേട്ട വാർഡ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 300000/- | കുടിവെള്ളപദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. |
| 5 | മുണ്ടക്കയം ,മുണ്ടമറ്റം -നാലുസെന്റ് കോളനി വിളക്കന്നോൽ ഭാഗം കോളനികുടിവെള്ള പദ്ധതി പൂർത്തീകരണം | 220609/- | " " |
| 5 | എരുമേലി,ഒഴക്കനാട് സാംസ്കാരിക നിലയം പൂർത്തീകരണം | 88624/- | സാംസ്കാരിക നിലയം ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. |
| 6 | കാഞ്ഞിരപ്പള്ളിആലംപരപ്പ്എസ്.സി കോളനികുടിവെള്ള പദ്ധതി | 490000/- | കുടിവെള്ളപദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. |

| | | | |
|---|---|---|---|
| 7 | കാഞ്ഞിരപ്പള്ളിആലംപരപ്പ് ബ്ലോക്ക്കോളനികുടിവെള്ള പദ്ധതി | 310000/- | കുടിവെള്ളപദ്ധതികൾ ഗ്രാമ പഞ്ചായത്തിന്റെ ചുമതലയാണ്. |

ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലാപരിധിയിൽ ഉൾപ്പെടുന്ന പദ്ധതികൾ മാത്രം ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി,വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ഇന്ദിര ആവാസ് യോജന

2014-15 സാമ്പത്തികവർഷം ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ഭാഗമായി ആകെ 462 വീടുകളുടേയും 2015-16 സാമ്പത്തികവർഷം 509 വീടുകളുടേയും നിർമ്മാണത്തിനായി കരാറിലേർപ്പെട്ടതിൽ 2014-15 സാമ്പത്തികവർഷം കരാറിലേർപ്പെട്ട 445വീടുകളുടേയും 2015-16 സാമ്പത്തികവർഷം കരാറിലേർപ്പെട്ട 458 വീടുകളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തികവർഷം വരെ പൂർത്തീകരിച്ച വീടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കരാറിലേർപ്പെട്ട വീടുകളുടെ എണ്ണം | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 2011-12 | 403 | 403 |
| 2012-13 | 347 | 347 |
| 2013-14 | 354 | 345 |
| 2014-15 | 462 | 445 |
| 2015-16 | 509 | 458 |
| ആകെ | 2075 | 1998 |

ഇന്ദിര ആവാസ് യോജന പദ്ധതിയുടെ ബാങ്ക് ഓഫ് ബറോഡയിലുള്ള അക്കൗണ്ടുകളായ 25010100001711-ൽ (ഐ.എ.വൈ ബി.ഡി.ഒ)1,10,96,585/-രൂപയും 25010100002384-ൽ (ഐ.എ.വൈ പ്ലാൻ) 3,46,40,726/-രൂപയും നീക്കിയിരിപ്പുണ്ട്. ഇത്രയധികം തുക ഉപയോഗിച്ച് പൂർത്തിയാക്കേണ്ട ഭവനങ്ങൾ നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ ഐ.എ.വൈ അക്കൗണ്ടുകളിൽ അധികതുക നിലനിൽക്കുന്നതായി കാണുന്നു. അധികതുകകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-7 അയ്യപ്പ ഭക്തർക്ക് ഇടത്താവളം- ഉപയോഗയോഗ്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ 61/2015 നമ്പരായി നടപ്പിലാക്കിയ പ്രോജക്റ്റാണ് കോരുത്തോട് ഗ്രാമപഞ്ചായത്തിൽ നിർമിച്ച ശബരിമല തീർത്ഥാടകർക്കായുള്ള ഇടത്താവളം.വികസനഫണ്ടിൽ നിന്ന് 12ലക്ഷം രൂപയും കോരുത്തോട് ഗ്രാമപഞ്ചായത്ത് വിഹിതം 2.5 ലക്ഷം രൂപയുമുൾപ്പെടെ ആകെ അടങ്കൽ 14.5 ലക്ഷം വിനിയോഗിച്ച് തീർഥാടകർക്ക് വിശ്രമിക്കുന്നതിന് പ്രാഥമികാവശ്യങ്ങൾക്കുൾപ്പെടെ സൗകര്യങ്ങളുള്ള കെട്ടിടം നിർമിച്ച് ജി.ഐ ഷീറ്റ് മേൽക്കൂരയിടാനാണ് പ്രോജക്റ്റ് ലക്ഷ്യമാക്കിയത്.

നികുതി വിഹിതങ്ങളുൾപ്പെടെ 1354646/രൂപ ചെലവഴിച്ച് ശ്രീ.തോമസ് ജോസഫ് ,കോയിക്കൽ എന്ന വ്യക്തി കൺവീനറായ ഗുണഭോക്തൃസമിതി 2015-16 ൽ പണി പൂർത്തിയാക്കി. 27-9-2016ൽ ഓഡിറ്റ് ടിം പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി. കെട്ടിടം പ്രധാന റോഡിൽനിന്ന് 200 മീറ്ററോളം ഉള്ളിലായാണ് നിർമിച്ചിട്ടുള്ളത് എന്നും അതിലേക്ക് എത്തുന്നതിന് ദിശാബോർഡുകളൊന്നും സ്ഥാപിച്ചിട്ടില്ല എന്നും പരിശോധനയിൽ കാണുകയുണ്ടായി. നാളിതുവരെ അയ്യപ്പഭക്തരൊന്നും ഇവിടേയ്ക്ക് എത്തിയിട്ടില്ല എന്നാണ് നാട്ടുകാരിൽ നിന്ന് ലഭ്യമായ വിവരം. മാത്രമല്ലകെട്ടിടത്തിന്റെ 2 മുറികളും താഴിട്ട് ബന്ധിച്ചിട്ടുള്ളതിനാൽ തീർത്ഥാടകർ എത്തിയാൽപോലും കെട്ടിത്തിനുള്ളിൽ പ്രവേശിക്കാൻ കഴിയില്ല. കെട്ടിടത്തിന്റെ നിർമാണം പൂർത്തിയാക്കിയെങ്കിലും അനുബന്ധമായി പണികഴിപ്പിച്ച ശൗചാലയത്തിൽ ജലലഭ്യത ഉറപ്പാക്കിയിട്ടില്ല.അവയുടെ ഫൈബർ നിർമിത വാതിലുകൾ തകർത്ത നിലയിലുമാണ്.ഇലക്ട്രിഫിക്കേഷൻ നടത്തുകയോ വൈദ്യുതി ലഭ്യമാവുകയോ ചെയ്തിട്ടില്ല.തുടർ വർഷം ഇതിനായി പ്രോജക്റ്റുകൾ വച്ചിട്ടുമില്ല.നിലവിൽ പ്രസ്തുത കെട്ടിടത്തിന്റെ പരിസരം സാമൂഹ്യ വിരുദ്ധരുടെയും മദ്യപൻമാരുടെയും വിഹാരകേന്ദ്രമായി പരിണമിച്ചിരിക്കുന്നുവെന്ന് ചിതറിക്കിടക്കുന്ന മദ്യക്കുപ്പികളും മറ്റുമാലിന്യങ്ങളും വെളിവാക്കുന്നു.

കൂടാതെ ബസ് സ്റ്റാന്റ് പണിയുന്നതിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ ,കെട്ടിടം സ്ഥിതിചെയ്യുന്ന ഈ സ്ഥലം

സംബന്ധിച്ച് വിജിലൻസ് കേസും നിലനില്ക്കുന്നു. ഗ്രാമപഞ്ചായത്ത് ഇക്കാരണത്താൽ കെട്ടിടത്തിന്റെ സംരക്ഷണത്തിനും വൈദ്യുതീകരണമുൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിലും താല്പര്യം കാട്ടുന്നമില്ല.ഗ്രാമ പഞ്ചായത്തിന്റെ അനുമതിയോടുകൂടിയാണ് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമിച്ചതെങ്കിലും ടി കെട്ടിടം ഇന്ന് നിഷ്ക്രിയ ആസ്തിയാക്കി ഉപേക്ഷിച്ചിരിക്കുന്നതായി കാണുന്നു.

അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കി ,മതിയായ നവീകരണപ്രവൃത്തികളും നടത്തി കെട്ടിടം സംരക്ഷിക്കുന്നതിനും ,ശബരിമല തീർഥാടകർക്ക് ഉപകാരപ്പെടുംവിധം പ്രവൃത്തിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 വിനിയോഗ / പൂർത്തീകരണ വിശദാംശങ്ങൾ ഇല്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

1)ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ ടി തുകകളുടെ വിനിയോഗം / പ്രോജക്ടുകളുടെ പൂർത്തീകരണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.ആയതിന്റെ അഭാവത്തിൽ 2225000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | കൈപ്പറ്റിയത് | ഡിഡി നമ്പർ |
|---|---|---|---|---|
| 070/15 കുഴൽകിണർ നിർമ്മാണം | സെക്രട്ടറി | 425000/- വികസനഫണ്ട് | ഇ.ഇ,ഭൂജലവകുപ്പ്,കോട്ടയം | 378458 – 30/9/14 |
| 073/15 വേങ്ങൻകുന്ന് അംഗൻവാടി നിർമ്മാണം | സെക്രട്ടറി | 300000/- വികസനഫണ്ട് | സെക്രട്ടറി, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 325134 – 27/10/14 |
| 077/15 എൽ പി ജി ശ്മശാനനിർമ്മാണം | സെക്രട്ടറി | 300000/- വികസനഫണ്ട് | സെക്രട്ടറി, മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 973900 – 30/4/14 |
| 109/15 ജലനിധി | സെക്രട്ടറി | 1200000/- വികസനഫണ്ട് | സെക്രട്ടറി, പാറത്തോട് ഗ്രാമപഞ്ചായത്ത് | 348459 – 30/9/14 |

2)വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചുവടെ കൊടുത്തിരിക്കുന്ന പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ചെലവഴിച്ച 1807063 രൂപ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നം/ വർഷം, പേര് | നിർവ്വഹണോദ്യോഗസ്ഥൻ | തുക | കൈപ്പറ്റിയ ആൾ/ സ്ഥാപനം | ഡി.ഡി.നം/ തീയതി |
|---|---|---|---|---|
| 109/15-16 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പഠനോപകരണം | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 300000- | പാറത്തോട് ഗ്രാമപഞ്ചായത്ത് | 056326/ 20-03-16 |
| 128/15-16 ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം | " | 57063- | ഐ.കെ.എം തിരുവനന്തപുരം | 057779/ 04-04-16 |
| 043/15-16 പാലിയേറ്റീവ് കെയർ പരിചരണം | " | 100000- | കോരുത്തോട് ഗ്രാമപഞ്ചായത്ത് | 062683/ 29-12-15 |
| | " | 100000- | കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത് | 062684/ 29-12-15 |
| | " | 100000- | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് | 062685/19-01-16 |
| | " | 100000- | എരുമേലി ഗ്രാമപഞ്ചായത്ത് | 063164/19-01-16 |
| | " | 100000- | പാറത്തോട് ഗ്രാമപഞ്ചായത്ത് | 063165/19-01-16 |
| | " | 100000- | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് | 063166/19-01-16 |

| | | | | |
|---|---|---|---|---|
| | " | 100000- | മണിമല ഗ്രാമപഞ്ചായത്ത് | 063167/19-01-16 |
| 108/15-16. തെരുവുനായ നിയന്ത്രണ പരിപാടി | " | 350000- | ജില്ലാപഞ്ചായത്ത്, കോട്ടയം | 063795/18-02-16 |
| 004/15-16 കില കോർപ്പസ് ഫണ്ട് | " | 200000- | കില, തൃശ്ശൂർ | 062796/31-12-15 |
| 369/16 മുണ്ടക്കയം കാർഷിക വിപണി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | അസി.എക്സി.എഞ്ചിനീയർ | 200000/- | മുണ്ടക്കയം ഗ്രാ.പ. | ബിൽ നമ്പർ 45/15-16, 31-3-16 |

വിനിയോഗ/പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കി ആകെയുള്ള 4032063/ രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോരുത്തോട് ഗ്രാമപഞ്ചായത്ത് | 2014-15 | 250000 | അയ്യപ്പഭക്തൻമാർക്ക് ഇടത്താവളം | 250000 (2015-16) | ഇല്ല |
| കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് | 2015-16 | 200000 | കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ജലസേചനപദ്ധതി | ഇല്ല | 200000 |
| ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ | 2014-15 | 30875000 | ഐ.എ.വൈ. അധിക ധനസഹായം | 25949190 | 4925810 |
| ഗ്രാമ, ജില്ലാ പഞ്ചായത്തുകൾ | 2015-16 | 36736551 | ഐ.എ.വൈ. അധികധനസഹായം | 17651968 | 190814583 |

ഐ.എ.വൈ. സംബന്ധിച്ച കണക്കുകൾ കൃത്യമായി സംഗ്രഹിച്ചിട്ടില്ല. എ.എഫ്.എസ്. പ്രകാരമുള്ള തുകകൾ ചേർക്കുകയാണ് ചെയ്തിരിക്കുന്നത്.

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക്നം. | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| ഭൂഗർഭജല വകുപ്പ് | കുഴൽക്കിണർ നിർമ്മാണം | 378458/30.9.14 | 425000 | 425000 | |

### 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

ഇല്ല.

### 4-4. വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2004-05 | 3-2 | 2007-08 | 3-36-1 | യുവജനകായികക്ഷമതാ പരിപാടി കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു. |
| 2002-03 | 3-2 | 2005-06 | 2-25-1 | അംഗീകാരമില്ലാത്ത എസ്.ജി.ആർ.വൈ. പദ്ധതികൾക്ക് വക മാറ്റി അരി മുൻകൂർ നൽകി. |
| 2003-04 | 3-2 | 2005-06 | 2-25-2 | കംപ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലനപരിപാടിയിൽ ക്രമക്കേടുകൾ |
| 1999-2000 | 5 | 2004-05 | 2-1 | വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ഇതുവരെ ആരംഭിച്ചിട്ടില്ല. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 223683940 | 235406330 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്( മുന്നിരിപ്പ് ഉൾപ്പെടെ) | 199495599 | 182941571 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2225000 | 1813637 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6574 | ശ്രീ. അശോകൻ ടി.എം., എ.ഇ.ഇ., എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, കാഞ്ഞിരപ്പള്ളി |
| 3-8-1 | 2225000 | ശ്രീ. കെ.എസ്. ബാബു, സെക്രട്ടറി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| 3-8-2 | 1607063 | ശ്രീ. കെ.എസ്. ബാബു, സെക്രട്ടറി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് |
| 3-8-2 | 200000 | ശ്രീ. അശോകൻ ടി.എം., എ.ഇ.ഇ., എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, കാഞ്ഞിരപ്പള്ളി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.കെ.പി.13-791/13/4.9.13 | | |
| 06-07 | എൽ.എഫ്.കെ.പി.13-791(1)/13/4.9.13 | | |
| 07-08 | എൽ.എഫ്.കെ.പി.13-791(2)/13/4.9.13 | | |
| 08-09 | എൽ.എഫ്.കെ.പി.13-791(3)/13/4.9.13 | | |
| 09-10 | എൽ.എഫ്.കെ.പി.13-791(4)/13/4.9.13 | | |
| 10-11 | എൽ.എഫ്.കെ.പി.13-791(5)/13/4.9.13 | | |
| 11-12 | എൽ.എഫ്.കെ.പി.13-758/13/11.10.13/1.11.13 | | |
| 12-13 | കെ.എസ്.എ.കെ.ടി.എം. പി13/65/16/20.8.16 | 15 | |
| 13-14 | കെ.എസ്.എ-കെ.ടി.എം.പി.13/1025/2015/19-3-16. | 17 | |

അവശേഷിക്കുന്ന ഓഡിറ്റ്റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15

കെ.എസ്.എ.കെ.ടി.എം പി13/1507/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:30-9-16

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 2

## ഓഡിറ്റ് സർട്ടിഫിക്കറ്റ്-2015-16

കെ.എസ്.എ.കെ.ടി.എം പി13/1507/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:30.9.16

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ